ചെറുകഥകൾ

രമ്യ ശ്രീജിത്ത്

ആമുഖം

വലിയൊരു എഴുത്തുകാരിയല്ലെങ്കിലും എഴുത്തിനോടും വായനയോടുമുള്ള എന്റെ പ്രണയം എന്നെ എഴുതാൻ പ്രേരിപ്പിച്ചു. ആമസോൺ കിന്ടിൽ വായനക്കാർക്ക് എന്റെ ചില ചെറുകഥകൾ ഞാൻ ഈ പുസ്തകത്തിലൂടെ അവതരിപ്പിക്കുന്നു.

ഒരു ശരാശരി മലയാളിയുടെ മനസ്സ നിറയ്ക്കാൻ പറ്റിയ വരികളാണിവ. പ്രണയം ദാമ്പത്യം കോമഡി എല്ലാം ഉൾപ്പെടുത്തിയ കഥകളാണിതിൽ. ഇടറിയ നമ്മുടെ മനസ്സിനെ കുളിർമയേകാൻ ഈ കഥകൾക് കഴിയും ..

നിങ്ങളുടെ വിലയേറിയ പ്രോത്സാഹത്തിനു നന്ദി.

രമ്യ ശ്രീജിത്ത്

പുസ്തകത്തെ പ്രണയിച്ചവൾ

കോളേജിൽ പോകാൻ മടിയായി തുടങ്ങി..

ഇനിയും രണ്ടുവർഷം ...

അവൾക്കത് ആലോചിക്കാൻ കൂടി വയ്യായിരുന്നു ..

പുസ്തകം എടുക്കുമ്പോഴേ ഉറക്കം വരും.. എന്തിനു വേണ്ടിയാണ് പഠിക്കുന്നത്..

ആർക്കുവേണ്ടിയാണ്...

അത് അവൾക് പോലും അറിയില്ല..

ഒരുദിവസം അച്ഛനും അമ്മയും സംസാരിക്കുന്നത് അവൾ കേട്ടു ..

അവൾക് പഠിക്കാനൊന്നും താല്പര്യമില്ല.. വേഗം കെട്ടിച്ചു വിടുന്നതാ നല്ലതെന്ന് ..

അപ്പോ അവളും മനസ്സിൽ വിചാരിച്ചു കല്യാണമെങ്കിൽ കല്യാണം..

കല്യാണം കഴിഞ്ഞാൽ വെറുതെ ഇരിക്കാമല്ലോ എന്ന്..

പിന്നെ എല്ലാം വളരെ പെട്ടന്നായിരുന്നു ..

ഒരു ചെറുക്കനെ വീട്ടുകാര് തീരുമാനിച്ചു.. എഞ്ചിനീയർ ആയിരുന്നു..

അങ്ങനെ അവളുടെ ഡിഗ്രി പൂർത്തിയാക്കും മുൻപേ കല്യാണവും കഴിഞ്ഞു..

ഹസ്സിന്റെ കൂടെ ഫ്ളാറ്റിലേക് താമസം മാറിയപോ അവൾ ഏറെ സന്തോഷിച്ചു..

ഇനി ആരുടേയും ശല്യമില്ലാതെ കെട്ടിയോൻ ജോലിക് പോയാൽ ഇരിക്കാമല്ലോ എന്ന്..

ഭർത്താവിന്റെ ഇഷ്ടങ്ങൾക്കനുസരിച് അവൾ എല്ലാം ചെയ്യാൻ തുടങ്ങി ..

പക്ഷെ അവൾ വിചാരിച്ച പോലെ വെറുതെ ഇരിക്കൽ മാത്രം നടന്നില്ല..

അവളുടെ ഉത്തരവാദിത്വങ്ങൾ കൂടി കൂടി വന്നു ..

ഓരോ ദിവസവും പണികൾ കൂടി കൂടി വന്നു..

വീട്ടിൽ പാർട്ടികളും എല്ലാം ആയപ്പോൾ അവൾക്കു ജീവിതം തന്നെ ബോറടിച്ചു തുടങ്ങി..
അപ്പോഴാണ് അവളുടെ ഭർത്താവ് കുറച്ചു ദിവസം ടൂറിനു പോയത്..

അപ്പോൾ അവൾ വീട്ടിൽ ഒറ്റക്കായിരുന്നു..

വീട് മുഴുവൻ ക്ലീൻ ചെയ്യുന്നതിനിടയിലാണ് തുറക്കാതെ വെച്ചിരുന്ന ഷെൽഫ് കണ്ടത്.. ഇതുവരെ താൻ പഠിച്ച പുസ്തകങ്ങൾ ആയിരുന്നു അത് ..

അന്ന് ആദ്യമായാണ് അവൾ ഇഷ്ടത്തോടെ പുസ്തകങ്ങൾ നോക്കിയത്..

പണ്ട് പഠിച്ച മടുത്ത പുസ്തകങ്ങൾ ...വായിക്കാത്ത നോവലുകൾ..എല്ലാം ഒന്ന് പൊടി തുടച്ചു വെച്ചു ..

അന്ന് ആദ്യമായ് അവൾ പ്രണയിച്ചു തുടങ്ങി ...നല്ല മണമുള്ള പുസ്തകങ്ങളെ.. അന്ന് വെറുത്തിരുന്ന അതെ പുസ്തകങ്ങളെ...

ഓരോ പേജും കൊതിയോടെ തലോടി കൊണ്ട് വായിച്ചു....വായിച്ച വരികൾ വീണ്ടും വീണ്ടും വായിക്കാൻ തുടങ്ങി..

അന്ന് നഷ്ടപ്പെടുത്തിയ നല്ല നാളുകളെ കുറിച്ചവൾ ഓർത്തു.. അപ്പോൾ തന്നെ മനസ്സിൽ ഒന്ന് തീരുമാനിച്ചു..

പഠിക്കണം ...

നിന്നിടത്തുനിന്നു തന്നെതുടങ്ങണം..

****

പ്രണയം

നിന്നോട് എനിക്ക് പ്രണയമായിരുന്നോ?   അറിയില്ല...

സ്കൂൾ വിട്ട് വരുന്ന സമയത്തു നീ എന്നെ കാത്ത് നില്കുമെങ്കിലും അറിയാത്ത ഭാവത്തിൽ നടക്കാൻ എനിക്ക് ഇഷ്ടമായിരുന്നു...❤️

ഒരു ദിവസം നിന്നെ കാണാതായാൽ എന്റെ ഹൃദയ മിടിപ്പ് നിന്നെ കാണാൻ വേണ്ടി മിടിച്ചുകൊണ്ടേ ഇരുന്നു...

എന്നിട്ടും എന്തെ നീ എന്നോട് പ്രണയം പറഞ്ഞപ്പോൾ എനിക്ക് നിരസിക്കേണ്ടിവന്നു...

എന്റെ മനസ്സിൽ നിനക്കുള്ള സ്ഥാനം പ്രതീക്ഷിക്കുന്നതിലും അപ്പുറമായിരുന്നു...

Library യിൽ ഞാൻ വരുമ്പോൾ എന്റെ പദാസരത്തിന്റെ മണി നാദം കേൾക്കാൻ നീ കാതോർത്തിരുന്നത് ഞാൻ അറിഞ്ഞിരുന്നു...

കമന്റടിച്ചിരുന്ന ചെറുക്കന്മാരെ എനിക്ക് വേണ്ടി അടിച് വീഴ്ത്തിയതും എല്ലാം എല്ലാം എനിക്കറിയാമായിരുന്നു..

നിശ്ശബ്ദപ്രണയമായിരുന്നു എന്റേത്...

എന്റെ പ്രണയം പുറമെ കാണിക്കാതെ കാത്തുസൂക്ഷിച്ചിരിക്കുകയായിരുന്നു..

പുറത്തു കാണിക്കാത്ത പ്രണയം വ്യർഥമാണെന്നു ഞാൻ മനസിലാകുമ്പോഴേക്കും സമയം ഏറെ വൈകിയിരുന്നു...

എന്നിട്ടും നീ എന്നെ ജീവിതത്തിലേക് ക്ഷണിച്ചപ്പോഴും നിശബ്ദമായി ഞാൻ കൂടെ വരുകയായിരുന്നു...

വര്ഷങ്ങളേറെ നിന്റെ കൂടെ ജീവിച്ചിട്ടും നിന്നെ ഞാൻ നിശബ്ദമായി പ്രണയിക്കുകയായിരുന്നു എന്ന് നീ അറിഞ്ഞിരുന്നുവോ??

****

സ്വപ്നത്തിലൂടെ ഒരു യാത്ര

പറമ്പികുളത്തിനോടുള്ള ഇഷ്ടം കൊണ്ട് ഇതിപ്പോ എത്ര തവണയാണ് രാജീവേട്ടനും താനും കൂടി പോകുന്നത് എന്നറിയാൻ പാടില്ല...

അവിടത്തെ ആ forest area ഞങ്ങക്ക് ഇഷ്ടായിരിക്കുന്നു...

പിന്നെ നല്ല തണുപ്പും..

ബൈക്കി ലാണ് യാത്ര....

ബൈകിന്റെ പുറകിലിരുന്നു സീത ചെറുതായൊന്നു ഉറങ്ങി പോയി...

പെട്ടന്ന് എന്താ ഒരു ശബ്ദം കേട്ടത്...താൻ തെറിച്ചപോയോ?? ഏയ്...തോന്നിയതാവും....

അല്ല ...രാജീവേട്ടനും കരഞ്ഞുകൊണ്ട് ഒടുന്നുണ്ട്...

ആളുകളൊക്കെ ഓടി വരുന്നുണ്ടല്ലോ...

എല്ലാരും കൂടെ തന്നെയല്ലേ ഈ പൊക്കിയെടുക്കുന്നത്....

അപ്പോ ഈ ഞാൻ ഏതാ....എന്തായാലും അവരുടെ പുറകെ പോയി നോകാം....

നേരെ ഹോസ്പിറ്റൽ കൊണ്ട് പോയി...

കരഞ്ഞുകൊണ്ട് പുറകെ രാജീവേട്ടനും...

ഈ രാജീവേട്ടൻ എന്താ ഈ കാണിക്കുന്നത്....

ആളുകളുടെ മുന്നിൽനിന്ന് ഇത്ര ഉറക്കെ കാരയുകയോ...അയ്യേ്യേ...നാണക്കേട്...

രാജീവേട്ടന്റെ അടുത് നിന്ന് മെല്ലെ ഒന്ന് തോണ്ടി നോക്കി അറിയുന്നില്ല...

ഞാൻ തൊട്ടടുത് തന്നെ നിൽക്കുന്നുണ്ട്...എന്ന് പറഞ്ഞുനോക്കി...കേൾക്കുന്നില്ല...

ശരിക്കും ഞാൻ മരിച്ചുവോ ?? ICU ഇൽ കേറി നോകാം...

പരിശോധിച്ച ഡോക്ടർ മാർ പറയുന്ന കേട്ടു..she is no more...

ഇല്ല...എനിക്ക് ജീവിക്കണം...കല്യാണം കഴിഞ്ഞ് അധികം ആയിട്ടില്ല...

എങ്ങനെയെങ്കിലും ജീവിചേ പറ്റു...

വിസ്മയതുമ്പത് ഫിലിം ഇൽ നയൻതാര ശരീരത്തിൽ കയറുമ്പോലെ ഒന്ന് ഓടി കയറാൻ നോക്കി...

പറ്റുന്നില്ല.ഈശ്വരാ...

മറ്റന്നാൾ ഉള്ള കല്യാണത്തിന് ഉടുക്കാൻ വാങ്ങി വെച്ച സാരി ഇനി എന്ത് ചെയ്യും...

എന്റെ വളകളും മാലകളും...

അതില്ലാതെ എന്തായാലും ഞാൻ സ്വർഗത്തിൽ പോകില്ല....

ഇതെന്താ ഇതുവരെ എന്നെ കൊണ്ട് പോകാൻ കാലൻ വരാഞ്ഞെ...

ഇനി ഇപ്പോ ഞാൻ തന്നെ വരും എന്ന് വിചാരിച് കാലൻ വഴിയിൽ കാത്തു നില്കുവാണോ....

എന്തായാലും കാലൻ വരുന്നതിനു മുമ്പ് വീട്ടിൽ പോയി സാരിയും മാലയും വള യും എല്ലാം എടുകണം...

സീത ഓടി..വീട് വരെ ഓടി...വീട്ടിലെത്തി എല്ലാം ഒരു ബാഗിലാകി തിരിഞ്ഞുനോക്കിയപ്പോൾ അതാ മുന്നിൽ നില്കുന്നു..

സാക്ഷാൽ കാലൻ... പോത്തും കയറും ഒകെ ആയിട്ട്...

കാലന് ഹനീഫ ചേട്ടന്റെ ഒരു ചായയുണ്ടോ...

ബാഗ് ഒന്നും എടുക്കാൻ പറ്റില്ലെന്ന് കാലൻ തീർത്തു പറഞ്ഞു...

Minimum പൾസർ എങ്കിലും ഇല്ലാതെ താൻ വരില്ലെന്നും പോത്തിന്റെ പുറകിൽ ഇരിക്കാൻ തന്നെ കിട്ടില്ലെന്നും സീതയും പറഞ്ഞു..

അവസാനം കാലൻ പൊക്കിയെടുത്തോണ്ട് പോയി....

അവിടെ ചെന്നപ്പോൾ ഒരു വലിയ കൊട്ടാരം..ചുറ്റിനും പുക...ശരിക്കും പുരാണ സീരിയലിലെ പോലെ തന്നെ...

എല്ലാരും വരി വരിയായി നില്കുന്നു...എന്തിനാണാവോ?...

അടുത്തിരുന്ന ചേച്ചിയോട് ചോദിച്ചപ്പോ പറഞ്ഞു...

അടുത്ത ജന്മത്തിലേക്കുള്ള എൻട്രി ആണെന്ന്...

അങ്ങനെ എന്റെ അവസരം വന്നു....

എനിക്ക് കിട്ടിയതോ റോഡിലൂടെ ഓടി നടക്കുന്ന ഒരു പട്ടികുഞ്ഞിന്റെ ജന്മം...

പറ്റില്ലെന്ന് പരഞ്ഞെങ്കിലും ....

ആരോട് പറയാൻ ആര് കേൾക്കാൻ...വല്ല രഞ്ജിനി ഹരിദാസ് ന്റെ വീട്ടിലെ പട്ടികുട്ടി ആയിരുന്നെങ്കിൽ ഓക്കേ...

ഇതിപ്പോ ആലോചിക്കാൻ കൂടി വയ്യ...

അപ്പോഴാണ് ആരോ തന്നെ തട്ടിയുണർത്തിയത്...

ഇന്ന് പറമ്പികുളത്തേക് പോകണ്ടതല്ലേ...

വേഗം പായ്ക്ക് ചെയ്യോ എന്ന് ...

അപ്പോ ഇതുവരെ താൻ കണ്ടത് സ്വപ്നമായിരുന്നുവോ....

എല്ലാം ആലോജിച്ചിട്ട് അവൾക് തന്നെ ചിരിവന്നു😂

****

റെയിൽവേ സ്റ്റേഷനിലെ കാഴ്ചകൾ

ഒരു യാത്രകിടയിലാണ് ഡൽഹി ആനന്ദ് വിഹാർ റെയിൽവേ സ്റ്റേഷനിൽ എത്തിയത്...

ഞാനും പ്രിയതമനും ചെറിയ മക്കളും കൂടി ഏറെ നേരം അവിടെ ചിലവഴിക്കുകയുണ്ടായി...

അവിടെ കണ്ട പല കാഴ്ചകളും മനസ്സിനെ നോമ്പരപ്പെടുത്തുകയുണ്ടായി...

മൂടൽ മഞ്ഞ് കൊണ്ട് മൂടി കിടന്നിരുന്ന ഡൽഹി ഇപ്പോൾ സൂര്യ കിരണങ്ങളാൽ ചുട്ടുപൊള്ളുന്നു..

ഇതു വരെ കാണാത്ത എന്നെ ഇനി ഇഷ്ടം പോലെ കണ്ടോളൂ എന്ന രീതിയിൽ ആയിരുന്നു സൂര്യന്റെ നിൽപ്.

എന്നാൽ അതൊന്നും ഞങ്ങൾക് ബാധകമല്ല എന്ന് പറഞ്ഞ് അവിടത്തെ ആളുകളും...

ഒരു സ്ത്രീ റെയിൽവേ പാളത്തിലേ പൈപ്പിൽ നിന്ന് വെള്ളാമെടുത് പബ്ലിക് ആയി കുളിക്കുന്നു..

ചൂടിൽ നിന്ന് ആശവാസമേകാനോ അതോ കുറച് നാൾക് ശേഷം കുളിക്കുന്നതാണോ എന്നും അറിയാൻ പറ്റിയില്ല...

അങ്ങനെ ഒരു കുളി കണ്ട എന്റെ മോൾക് അതൊരു അത്ഭുദമായിരുന്നു..

അങ്ങനെ ഒരു കുളി അവിടെ നടക്കുന്നുണ്ടെങ്കിലും ആരും അതൊന്നും ശ്രദ്ധിച്ചില്ല..ചിലപ്പോൾ ഇത് ഇവിടത്തെ പതിവ് കാഴ്ചകളാവാം...

പിന്നെ എന്റെ ശ്രദ്ധ ആകർഷിച്ചത് ചെറിയ പെണ്കുട്ടികളിലായിരുന്നു...

ഏകദേശം 17,18 പ്രായം വരുന്ന കുട്ടികൾ ഒകത്തൊരു കുട്ടിയുമായി നടക്കുന്നത് കണ്ടപ്പോൾ കഷ്ടം തോന്നി...

അതും വളരെ ബുദ്ധിമുട്ടി സാരിയൊകെ ചുറ്റി വളരെ ധൃതിയിൽ അങ്ങോട്ടും ഇങ്ങോട്ടും ഒകെ നടക്കുന്നുണ്ടായിരുന്നു....

ഒരു ചെറിയ കുഞ്ഞ് വൃതിയില്ലാത്ത വെള്ളം കുടിക്കുന്നത് കണ്ടു...തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിച് ശീലിച്ച നമുക്കു അത് ആലോചിക്കാൻ പോലും വയ്യായിരുന്നു...

ദൈവത്തിനോട് പുച്ഛം തോന്നിയ നിമിഷങ്ങളായിരുന്നു അത്...

കേരളത്തിനോട് ബഹുമാനവും...

രാഷ്ട്രീയം പറയാൻ എനിക്ക് അറിയില്ല...എങ്കിലും പറയാതെ വയ്യ ആരൊക്കെ മാറി മാറി ഭരിച്ചാലും ഒരു മാറ്റത്തിന് തയ്യാറാവാതെ ഒരു ജനത ഇപ്പോഴുമുണ്ട്...

അവർ കഷ്ടപെടാൻ വേണ്ടി ജനിച്ചതാണോ ആരാണ് അവർ ഇങ്ങനെ ആയതിനു കാരണം...

ഉത്തരമില്ലാത്ത ചോദ്യങ്ങൾ പിന്നെയും ബാക്കി...

ജീവിക്കാൻ ഏറ്റവും നല്ലത് നമ്മുടെ നാട് നമ്മുടെ കേരളം...ദൈവത്തിന്റെ സ്വന്തം നാട്...

ഇതൊരു യാത്രവിവരണമല്ല...

ആരോടോ പറയാൻ കൊതിച്ച എന്റെ മനസ്സിലെ വാക്കുകൾ...😊😊

ശാപം

കല്യാണം കഴിഞ്ഞിട് അഞ്ചു വർഷമായി...

ഒരു കുഞ്ഞി കാലുകാണാൻ രാഹുലും രുദ്രയും ഒരുപാട് ആഗ്രഹിച്ചിരുന്നു..

ചികിത്സയും വഴിപാടുമായി നീണ്ട അഞ്ചു വർഷങ്ങൾ..

മടുത്തുപോയിരിക്കുന്നു ശരിക്കും രാഹുൽ രുദ്രയോട് പറഞ്ഞു..

ഇന്ന് വിവാഹ വാർഷികമാണ്...

ഞങ്ങളത് ആഘോഷിക്കും..

ഒരു റിലേറ്റീവ്സ് നെ പോലും ക്ഷണിക്കാതെ .ആരെങ്കിലും വന്നാൽ രുദ്രയെ മനഃപൂർവം വിഷമിപ്പിക്കാൻ വേണ്ടി ഓരോന്ന് ചോദിക്കും..

ഇതുവരെ ഒന്നുമായില്ലേ ...

ആർക്കാ കുഴപ്പം എന്നെല്ലാം..

വെളുത്തുതുടുത്ത അവളുടെ മുഖം ചുമന്നുതുടുക്കാൻ തുടങ്ങും..

അതുകൊണ്ട് ഇപ്രാവശ്യം ആഘോഷിക്കുന്നില്ല എന്ന് തീരുമാനിച്ചതാണ്..

വീട്ടുകാരുടെ തീരുമാനമായിരുന്നു ഈ കല്യാണം ..രാഹുൽ ഓർത്തു.. വളരെ ആർഭാടപൂർവം തന്നെയായിരുന്നു ..

ഒരു വർഷം കഴിഞ്ഞിട്ടും കുഞ്ഞുണ്ടാവാതെ ആയപ്പോൾ അമ്മയുടെ നിർബന്ധം കൊണ്ടാണ് ഹോസ്പിറ്റൽ പോയത്..

അവിടത്തെ ഫേമസ് ഇൻഫെർട്ടിലിറ്റി ഹോസ്പിറ്റലിൽ ആണ്.. ചെന്ന ഉടനെത്തന്നെ നമ്പർ എടുക്കാൻ പോയി....

കുട്ടികളില്ലാത്ത കേസ് കെട്ടാണെങ്കിൽ ഇവിടെയല്ല അപ്പുറത്താണ് ചെല്ലേണ്ടത് എന്ന് റിസെപ്ഷനിസ്റ് പറഞ്ഞു.. നാലുകുട്ടികളെ പെറ്റ അവരുടെ അഹങ്കാരമാണിതെന്നു രാഹുൽനു തോന്നി ..

തിരിച്ചു പറയാൻ നില്കുമ്പോഴേക്കും രുദ്ര കയ്യിൽ കയറി പിടിച്ചു..

ഒന്നും വേണ്ടെന്ന ഭാവത്തിൽ..

അങ്ങനെ ബ്ലഡ് ടെസ്റ്റും സൈക്കോളജിസ്റ്റിന്റെ ഉപദേശവും കഴിഞ്ഞ് വീട്ടിലെത്തുമ്പോൾ വളരെ വൈകിപ്പോയിരുന്നു..

ആ യാത്രയിൽ അവർ രണ്ടാളും ഒന്നും മിണ്ടിയില്ല...

റിസൾട്ട് കിട്ടാൻ രണ്ടു ദിവസം കഴിയും..

അതെങ്ങനെ കഴിയുമെന്നാലോചിച് അവർക് ഒരു പിടിയും കിട്ടിയില്ല..ഊണും ഉറക്കവുമില്ലാത്ത രണ്ടു ദിവസവും കടന്നുപോയി..

റിസൾട്ട് വാങ്ങാനായി പോയി..

പ്രശ്നങ്ങൾ ഒന്നും ഇല്ലെന്നറിഞ്ഞപ്പോൾ ചെറിയ ആശ്വാസമായി രണ്ടാൾക്കും..

തിരിച്ച വീട്ടിലെത്തിയപ്പോൾ ഒരു കൈനോട്ടക്കാരി അവരുടെ വീട്ടിലേക്കെത്തി.. കൈനോക്കി എല്ലാം പറയാമെന്നു പറഞ്ഞപ്പോൾ രുദ്ര കൈനോക്കി..

രാഹുൽ ഇഷ്ടപ്പെടാതെ അകത്തേക്കും പോയി..

ഓടികളിക്കാൻ കുട്ടികൾ ഇല്ലാത്ത വീടാണ് ഇതെന്ന് അവർ പറഞ്ഞപ്പോൾ തന്നെ രുദ്രയുടെ മുഖം വാടി ...സാരമില്ല പ്രാർത്ഥിച്ചാൽ നടക്കാത്ത ഒരു കര്യവുമില്ലെന്നു അവർ സമാദനിപ്പിച്ചു .. വീണ്ടും അവർ കൈനോക്കി..

കുട്ടികൾ ഉണ്ടാകും വൈകുമെന്ന് മാത്രം.. അതുകേട്ടപ്പോൾ അവൾക് വലിയ സന്തോഷമായി..

പിന്നെയും അവർ നോക്കി...

ഒരു സ്ത്രീയുടെ കണ്ണീരിന്റെ ശാപമായിട്ടാണ് നിങ്ങൾക്ക് സന്തോഷമില്ലാത്തത് ..

ചെയ്ത തെറ്റിനു പരിഹാരമായി അമ്പലങ്ങളിൽ പോയി വഴിപാട് ചെയ്യൂ എന്നും പറഞ് അവർ പോയി..

ഇതെല്ലം രാഹുൽ അകത്തു നിന്ന് കേട്ടിരുന്നു..

ഞാൻഒരു പെൺകുട്ടി യെ പോലും വിഷമിച്ചിട്ടില്ലല്ലോ ..

പിന്നെ ആരുടെ കണ്ണീരാണ് എന്നെല്ലാം പിറുപിറുത്തു അവൾ അകത്തേക്കു പോയികോളേജിൽ പഠിക്കുമ്പോൾ യുവത്വത്തിന്റെ തിളപ്പിൽ താൻ കരയിപ്പിച്ചത് എത്ര പെണ്കുട്ടികളെയാണെന്നു രാഹുലിന് ഓർത്തെടുക്കാൻ പോലും കഴിഞ്ഞില്ല..

അതൊന്നും അറിയാതെ രുദ്ര തന്നെ ഒരിക്കൽ പോലും സംശയിക്കുന്നില്ലെന്നത് രാഹുലിനെ അതിശയിപ്പിച്ചു....

അവൾ രേവതി

ഓഫീസിലിരിക്കുമ്പോഴാണ് രേവതി ആ കാഴ്ച കണ്ടത്..

ഒരു അമ്മയുടെ സാരിക് പിന്നിലൊളിക്കുന്ന ഒരു മകൾ. അവരെന്തോ പരാതി നല്കാൻ വന്നതാണ്..

വേഗം തന്നെ അവരെ വിളിച്ചു കാര്യങ്ങളൊക്കെ ശരിയാക്കി കൊടുത്തു..

ഇന്ന് രേവതി IPS കാരിയാണ് ...

താനും അന്ന് പേടികുട്ടി ആയിരുന്നെന്ന അവളോർത്തു...

അമ്മയുടെ സാരിത്തലപ്പിൽ ഒളിച്ചുനിൽക്കാനാണ് അന്ന് താൻ ആഗ്രഹിച്ചത്..

സ്കൂളിലൊക്കെ പോയിരുന്നത് വളരെ പേടിച്ചായിരുന്നു ..

ചെറിയ ക്ലാസ്സുകളിൽ വികൃതി കുട്ടികൾ ഉപദ്രവിക്കാൻ വരുമ്പോൾ അടുത്ത കൂട്ടുകാരി കാവ്യയായിരുന്നു അവളെ രക്ഷിച്ചത്..

അത്രക് പേടിയായിരുന്നു.. മറ്റുള്ളവരുടെ മുഖത്തു നോക്കി സംസാരിക്കാനും പേടിയായിരുന്നു...

പിന്നെ അതിൽ നിന്ന് ഒരു മാറ്റം ഉണ്ടായത് കോളേജിലെ ആ സംഭവത്തിനു ശേഷമാണ്.. ഡിഗ്രി ക് പഠിക്കുമ്പോഴും സ്വഭാവത്തിൽ വലിയ മാറ്റമൊന്നും ഉണ്ടായിരുന്നില്ല.. എന്തെങ്കിലുമൊക്കെ ആയിത്തീരണമെന്ന ആഗ്രഹവും ഉണ്ടായിരുന്നില്ല..

പഠിക്കാൻ മിടുക്കി ആയതുകൊണ്ട് വീട്ടുകാർ പഠിപ്പിച്ചു എന്ന് വേണം പറയാൻ..

ഒരു ചെറു ചിരിയോടെ അവൾ അത് ഓർത്തെടുത്തു..

കോളേജിൽ നിന്ന് ടൂർ പോയ ആ ദിവസം.എല്ലാവരുടെയും നിർബന്ധത്തിനു വഴങ്ങിയാണ് ടൂറിനു തന്നെ പോയത്.

ഇടുക്കിയിലെ ആ ടൂർ മനസ്സിൽ കുറച്ച് സന്തോഷം നൽകി എന്നത് സത്യമാണ്.

മിസ്സും താനും കൂടി ഒരു പെഡൽ ബോട്ടിൽ കയറിയതും ഒരു ഫോട്ടോ എടുക്കാനായി എഴുന്നേറ്റുനിന്ന മിസ്സ് കാലു തെറ്റി പുഴയിൽ വീണതും പെട്ടന്നായിരുന്നു..

ചുറ്റുമുള്ള എല്ലാവരും പറഞ്ഞുമിസ്സിന്റെ കൈപിടിച് വലിച്ചു കയറ്റാൻ ..

രക്ഷിക്കണം എന്ന അർത്ഥത്തിൽ മിസ് കൈ ഉയർത്തിപ്പിടിച്ച് ദയനീയമായി നോക്കുന്നുണ്ടായിരുന്നു.മിസ്സിന്റെ ആ നോട്ടം എന്റെ മനസ്സിനെ വേറൊരു തലത്തിലേക്കെത്തിച്ച് പേടിയകറ്റിയിരുന്നു ..

കുട്ടികളുടെ കരച്ചിൽ ചെവിയിൽ ആർത്തലച്ചിരുന്നു ..അതെ .യാന്ത്രികമായി തന്റെ കൈകൾ മിസ്സിനെ വലിച്ചു കയറ്റിയിരിക്കുന്നു..

തനിക്കു തന്നെ അഭിമാനം തോന്നിയ നിമിഷം.. സന്തോഷത്തോടെ മിസ്സ് എന്നെ കെട്ടിപ്പിടിച്ച് കരയുകയായിരുന്നു...

മിസ്സിന്റെ ആ സന്തോഷം കൂടെയുള്ളവരുടെ പ്രശംസ എല്ലാം തന്നെ വളെരെയേറെ മാറ്റിയിരിക്കുന്നു..

മറ്റുള്ളവർക് വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന ചിന്ത അന്നുമുതലാണ് തുടങ്ങിയത് ..

പേടിയെന്നത് തന്റെ മനസ്സിൽ നിന്ന് ദൂരെയകന്നിരിക്കുന്നു ...

IAS നേക്കാളും IPS ആണ് കുറച്ചും കൂടി interesting ആയി തോന്നിയത്..കുറച്ചു കഷ്ടപെട്ടിട്ടാണെങ്കിലും എല്ലാം നേടിയെടുക്കാൻ കഴിഞ്ഞു...

ഇന്ന് തനിക് എന്തും നേടിയെടുക്കാമെന്ന ആത്മവിശ്വാസമുണ്ട്..പലരും കുറ്റം പറയാറുണ്ട്.. ഇവളെന്തേ ഇങ്ങനെയായി അങ്ങനെയായി എന്നൊക്കെ ...

പക്ഷെ നമുക് നമ്മളാവാൻ ഒരു സമയമുണ്ട്..

അത് വരിക തന്നെ ചെയ്യും..